**കേരള സർക്കാർ**

**സംഗ്രഹം**

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സർക്കാർ പ്രഖ്യാപിച്ചിരുന്ന വിവിധ ലോക്ക് ഡൗൺ കാലയളവുകളിൽ ജോലിക്ക് ഹാജരാകാൻ സാധിക്കാതിരുന്ന ദിവസ വേതന/കരാർ ജീവനക്കാർക്ക് പ്രസ്തുത ദിവസങ്ങൾ ഡ്യൂട്ടിയായി പരിഗണിച്ച് വേതനം അനുവദിക്കുന്നതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

ധനകാര്യ (വ്യയം-സി) വകുപ്പ്

സ.ഉ (അച്ചടി) നം. 99/2020/ധന തിരുവനന്തപുരം, തീയതി, 30/07/2020

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം:
1. 26/03/2020- ലെ സ.ഉ.(പി) നം.33/2020/ധന ഉത്തരവ്
2. 08/05/2020-ലെ സ.ഉ.(പി) നം.57/2020/ധന ഉത്തരവ്
3. 08/06/2020-ലെ സ.ഉ.(പി) നം.75/2020/ധന ഉത്തരവ്

**ഉത്തരവ്**

സർക്കാർ പ്രഖ്യാപിച്ച വിവിധ ലോക്ക് ഡൗൺ കാലയളവുകളിൽ ജോലിക്ക് ഹാജരാകാൻ സാധിക്കാതിരുന്ന ദിവസ വേതന/കരാർ ജീവനക്കാർക്ക് പ്രസ്തുത ദിവസങ്ങൾ ഡ്യൂട്ടിയായി പരിഗണിച്ച് വേതനം അനുവദിക്കുന്നതിന് പരാമർശം (1),(2),(3) എന്നിവ പ്രകാരം ഉത്തരവായിരുന്നു. സംസ്ഥാനത്ത് കോവിഡ്-19 മഹാമാരി അതിരൂക്ഷമായ സാഹചര്യത്തിൽ മിക്ക പ്രദേശങ്ങളും കണ്ടെയിൻമെന്റ് സോണുകളായും /ഹോട്ട് സ്പോട്ടുകളായും പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ **പൊതു ഗതാഗതം നിരോധിച്ചിട്ടുള്ള കണ്ടെയിൻമെന്റ് സോണുകളിൽ /ഹോട്ട് സ്പോട്ടുകളായി പ്രഖ്യാപിച്ചിട്ടുള്ള മേഖലകളിൽ ജോലിചെയ്യുന്ന/ താമസിക്കുന്ന** ദിവസ വേതന /കരാർ ജീവനക്കാർക്ക് ലോക്ക് ഡൗൺ കാലയളവ് ഡ്യൂട്ടിയായി പരിഗണിച്ച്, ദിവസ വേതന /കരാർ വേതനം സംബന്ധിച്ച് നിലവിലുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി വേതനം നല്കുന്നതിനും മറ്റു മേഖലകളിലെ ദിവസവേതന/കരാർ ജീവനക്കാർ ലോക്ക് ഡൗൺ കാലയളവിൽ ഒരു മാസത്തെ പ്രവർത്തിദിനങ്ങളുടെ 50% മോ അധിലധികമോ ദിവസങ്ങൾ ജോലിയ്ക്ക് ഹാജരാകുന്നതെങ്കിൽ പ്രസ്തുത മാസം ഹാജരാകേണ്ടിയിരുന്ന മുഴുവൻ ദിവസങ്ങളും ഡ്യൂട്ടിയായി പരിഗണിച്ച് വേതനം നൽകുന്നതിനും 50 ശതമാനത്തിൽ കുറവ് ദിവസങ്ങളിലാണ് ജോലിയ്ക്ക് ഹാജരാകുന്നതെങ്കിൽ ഹാജരാകുന്ന ദിവസങ്ങളിലേയ്ക്ക് മാത്രം വേതനം നൽകുന്നതിനും അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലത. എസ്.**

അഡീഷണൽ സെക്രട്ടറി(ധനകാര്യം)

പകർപ്പ്,

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള. തിരുവനന്തപുരം

3. അക്കൗണ്ടൻറ് ജനറൽ (ഇ&ആർ.എസ്.എ),കേരള. തിരുവനന്തപുരം
4. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിൻറ് സെക്രട്ടറിമാർ/ ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ
5. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
6. രജിസ്ട്രാർ,കേരള/കൊച്ചി/കോഴിക്കോട്/എം.ജി/കണ്ണൂർ/സംസ്കൃത സർവകലാശാലകൾ
7. രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
8. രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ
9. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
10. സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
11. ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
12. ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
13. ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യൂക്കേഷൻ, തിരുവനന്തപുരം
14. ഡയറക്ടർ, സംസ്ഥാന ജല ഗതാഗത വകുപ്പ്, ആലപ്പുഴ
15. ഗവർണ്ണറുടെ സെക്രട്ടറി
16. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
17. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
18. എല്ലാ വകുപ്പുമേധാവികൾക്കും, ഓഫീസ് മേലധികാരികൾക്കും
19. പ്രതിപക്ഷ നേതാവിന്റെയും ഗവ.ചീഫ് വിപ്പിന്റെയും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
20. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
21. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
22. എല്ലാ ജില്ലാ ട്രഷറികൾ / സബ്ട്രഷറികൾ
23. നോഡൽ ഓഫീസർ www.finance.kerala.gov.in
24. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ